# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം
നമ്പർ : 1285.

15..6..2012-ൽ മറുപടിക്ക്

## അന്യസംസ്ഥാന പാലിന്റെ ഗുണനിലവാരം പരിശോധിക്കാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ. കെ. ബാലൻ | ശ്രീ. കെ.സി. ജോസഫ്.<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പ് മന്ത്രി) |
| (എ) മിൽമാ പാലിന്റെ വില വർദ്ധിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;<br>(ബി) പാൽ വില വർദ്ധിപ്പിക്കാനുള്ള നിർദ്ദേശങ്ങൾ മിൽമ സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ; | (എ) & (ബി) ഇല്ല. |
| (സി) മറ്റ് സംസ്ഥാനങ്ങളിൽ നിന്ന് കേരളത്തിൽ എത്തിച്ചേരുന്ന പാലിന്റെ ഗുണനിലവാരം പരിശോധിക്കാൻ എന്തെല്ലാം സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്; ഇല്ലെങ്കിൽ സംവിധാനങ്ങൾ ഏർപ്പെടുത്തുമോ; വിശദമാക്കുമോ? | (സി) ഗുണനിലവാര നിയന്ത്രണത്തിന് മിൽമയ്ക്ക് കാര്യക്ഷമമായ സംവിധാനങ്ങൾ നിലവിലുണ്ട്. മിൽമ അന്യസംസ്ഥാനങ്ങളിൽ നിന്നും പാൽ സംഭരിക്കുന്നത് കർശന ഗുണനിലവാര നിയന്ത്രണശേഷമാണ്. മിൽമയുടെ ഡയറികളിൽ പൂർണ്ണ ശേഷിയുള്ള ആധുനിക ഗുണനിലവാര നിയന്ത്രണ സംവിധാനങ്ങൾ നിലവിലുണ്ട്. ഇതിനുപുറമേ മിൽമയുടെ ഗുണനിലവാര നിയന്ത്രണ ഉദ്യോഗസ്ഥർ അയൽ സംസ്ഥാനങ്ങളിലെ ഡയറികളിൽ പോയി ഇടക്കിടക്ക് പരിശോധന നടത്താറുമുണ്ട്. 2011 ആഗസ്റ്റ് 5 മുതൽ ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാൻഡേർഡ്സ് ആക്റ്റ് നിലവിൽ വരുകയും പാൽ ഗുണനിലവാര പരിശോധന സംബന്ധിച്ച നടപടികൾക്കുള്ള ചുമതല ക്ഷീരവികസന വകുപ്പ് ഡയറക്ടറിൽ നിന്നും ഫുഡ് സേഫ്റ്റി കമ്മീഷണറിൽ നിക്ഷിപ്തമാക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.